കുറ്റൂർ പഞ്ചായത്തിന്റെ  കീഴിൽ പ്രവർത്തിക്കുന്ന സിഡിഎസ്(രജി.നം. P419/02 )2002 ൽ രൂപീകരിച്ചു.14 എഡിഎസുകളിലായി 220 കുടുംശ്രീകൾ പ്രവർത്തിക്കുന്നു.പഞ്ചായത്തിന്റെ പുരോഗതിയിലും വികസന പ്രവർത്തനങ്ങളിലും കുടുംബശ്രീയുടെ പ്രവർത്തനം എടുത്തുപറയത്തക്കതാണ്.

സംസ്ഥാന-ജില്ലാ മിഷനുകൾ നിർദേശിക്കുന്ന പരിപാടികളും പഞ്ചായത്തുമായി ചേർന്ന് നടത്തുന്നവയും തനതു പരിപാടികളുമായി കുടുംബശ്രീ നാടിനൊപ്പമുണ്ട്.

ലോകത്തെമുഴുവൻ ഗ്രസിച്ചിരിക്കുന്ന മഹാമാരിയായ കോവിഡ് -19 നമ്മുടെ കേരളത്തെയുംപിടിച്ചുകുലുക്കിയപ്പോൾ പ്രതിരോധ പ്രവർത്തനങ്ങളുമായി കുറ്റൂർ സിഡിഎസും കർമ്മനിരതമായി.ഭരണതലങ്ങളിൽ നിന്നുള്ള നിർദേശങ്ങൾ കൃത്യമായി പാലിച്ചു കൊണ്ട് കുറ്റൂർ സിഡിഎസ്പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തന്നെ തുടരുന്നു.

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ലോക്ഡൌൺ ആരംഭിക്കുന്നതിനും മുൻപേതന്നേ അയൽക്കൂട്ടയോഗങ്ങൾ,കമ്മറ്റികൾ തുടങ്ങി **ആൾക്കൂട്ടങ്ങൾ ഒഴിവാക്കാൻ** സിഡിഎസ് ചെയർപേഴ്സൻ ഉൾപ്പെട്ട സിഡിഎസ് കമ്മറ്റി തീരുമാനിച്ചു.ഫോൺ മുഖേന കുടുംബശ്രീ അംഗങ്ങളുമായി ആശയവിനിമയം നടത്തി വിവരങ്ങൾ അറിയുവാൻ എല്ലാ സിഡിഎസ് മെമ്പർമാരെയും ചുമതലപ്പെടുത്തി.നിലവിലുണ്ടായിരുന്ന **വാട്സ്ആപ്പ് ഗ്രൂപ്പുകൾ** കൂടുതൽ ക്രിയാത്മകമാക്കി.കുടുതൽ അംഗങ്ങളെ ഉൾപ്പടുത്തി.കോവിഡിന്റെ വ്യാപനത്തെക്കറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ ചർച്ചകൾ നടത്തിയും മുന്നറിയിപ്പുകൾ നൽകിയും ബോധവൽക്കരണം നടത്തുന്നു. **തുണിസഞ്ചികളും മാസ്ക്കുകളും**നിർമ്മിച്ച് നൽകിയും പൊതുസ്ഥലങ്ങളിൽ വെള്ളവും സാനിറ്റൈറും സ്ഥാപിച്ചും പ്രതിരോധം തുടർന്നു.വാർഡ് 2,വാർഡ് 14,എന്നിവിടങ്ങളിൽ നിന്നുമുള്ള അംഗങ്ങളാണ് പ്രധാനമായും മാസ്ക് നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്നത്.





സിഡിഎസി ന്റ്റെ കീഴിലുള്ള വയോജന അയൽക്കൂട്ട അംഗങ്ങളുടെ വിവരങ്ങൾ യഥാസമയം അതാത് സിഡിഎസ് മെമ്പർമാർ അന്വേഷിക്കുന്നുണ്ട്.അവർക്കാവശ്യമായ സഹായങ്ങൾ എത്തിച്ച് നൽകുന്നതിനും ബുദ്ധിമുട്ടുകൾ അധികാരികളെ അറിയിക്കുന്നതും കുടുംബശ്രീയുടെ ഉത്തരവാദിത്വമാണ്.

## സമൂഹ അടുക്കള

പഞ്ചായത്തിൻറെ നേതൃത്വത്തിൽ 11-ാം വാർഡിൽ പ്രവർത്തിക്കുന്ന കുടുംബശ്രീസംരംഭക ഗ്രൂപ്പായ നന്മ യിലെ പ്രവർത്തകർ നടത്തിയ സമൂഹ അടുക്കള 40 ദിവസത്തോളം ,പഞ്ചായത്തിന്റെ നിർദേശപ്രകാരം ആഹാരം പാകം ചെയ്തു.ഓരോ വാർഡിലേയും ആശ്രയ അംഗങ്ങൾ,അതിഥി തൊഴിലാളികൾ,ഭിക്ഷക്കാർ ,ഡ്യൂട്ടിയിലുള്ള പോലീസ്ഉദ്യോഗസ്ഥർ തുടങ്ങി ഭക്ഷണത്തിന് ബുദ്ധിമുട്ട് നേരിട്ടവർക്കെല്ലാം ഭക്ഷണം എത്തിക്കാൻ കഴിഞ്ഞു.സ്വന്തം പ്രയാസങ്ങൾക്കിടയിലും കുടുംബശ്രീഅംഗങ്ങൾ തങ്ങളാൽ കഴിയും വിധം അടുക്കളയിലേക്കാവശ്യമായ പച്ചക്കറികൾ,പലവ്യഞ്ജനങ്ങൾ,പൊതി കെട്ടുന്നതിനാവശ്യമായ ഇല തുടങ്ങിയവ സമൂഹ

അടുക്കളയിലേക്ക് നൽകി.സിഡിഎസ് ചെയർപേഴ്സനുംഅക്കൌണ്ടന്റെും  പഞ്ചായത്ത് മെമ്പർമാരും അടുക്കളയുടെ വിജയത്തിനായ് രാപ്പകൽ ജോലി ചെയ്തു.




40 ദിവസത്തിനിപ്പുറം **സമൂഹഅടുക്കളയെ ജനകീയഹോട്ടൽ** ആക്കിമാറ്റാൻസാധിച്ചു.





**കോവിഡ് -19 ലോൺ** - കോവിഡ് മൂലമുണ്ടായിട്ടുള്ള പ്രതിസന്ധി മറികടക്കാൻ സർക്കാർ പ്രഖ്യാപിച്ച ധനസഹായം അർഹതപ്പെട്ടവർക്ക് എത്തിച്ച് നൽകാനുള്ള പ്രവർത്തനങ്ങൾ സിഡിഎസ് തുടങ്ങിക്കഴിഞ്ഞു.157 ഗ്രൂപ്പുകളിലായി1733 കുടുംബശ്രീഅംഗങ്ങൾക്ക് 16890000 രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം പൂർത്തിയാക്കി.സർക്കാറിന്റെ മാനദണ്ഡപ്രകാരമാണ് ലോൺതുക അനുവദിച്ചിരിക്കുന്നത്.



കോവിഡ് ലോണിനുള്ള അപേക്ഷകൾ സർവ്വീസ് സഹകരണ ബാങ്കിൽ സമർപ്പിക്കുന്നു.

**ബാലസഭാ പ്രവർത്തനം**

സിഡിഎസി ൽ പ്രവർത്തിക്കുന്ന 38 ബാലസഭാകുട്ടികളെ ,കോവിഡ് വ്യാപനത്തെക്കുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും  വ്യക്തിശുചിത്വത്തെക്കുറിച്ചും  വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ നിർദേശം നൽകുന്നുണ്ട്.ലോക്ഡൌൺ കാലം ബാലസഭാകുട്ടികൾ അവരുടെ കലാവാസനകൾ പ്രകടിപ്പിക്കാനായ് പ്രയോജനപ്പെടുത്തി.ഉപയോഗശൂന്യമായ

ബോട്ടിലുകളിലും പേപ്പറുകളിലും ചിത്രം വരച്ചുംപേപ്പർ ബാഗുകൾ ഉണ്ടാക്കിയും മറ്റ് ക്രാഫ്റ്റ് വർക്കുകൾ ചെയ്തും അവർ വീടുകളിൽ തന്നെയിരുന്നു.






വിവിധ വകുപ്പുകളുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ - ആരോഗ്യ വകുപ്പുമായി ചേർന്ന് എല്ലാ വാർഡിലും സാനിറ്റൈസേഷൻ കമ്മറ്റി രൂപീകരിക്കുകയും വാർഡ് മെമ്പർ,ആശാ വർക്കർമാർ,കുടുംബശ്രീ അംഗങ്ങൾ എന്നിവരുമായി ചേർന്ന് നാടും വീടും ശുചിയാക്കുന്നതിന് തീരുമാനിച്ചു.എല്ലാ വീടുകളിലും മാസ്ക് വിതരണം ചെയ്തു.ആരോഗ്യ വകുപ്പിന്റ്റെ നേതൃത്വത്തിൽ സാനിറ്റൈസർ വിതരണം നടത്തീ.ഹോമിയോ,ആയുർവേദ വകുപ്പ്പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു.

മറുനാടുകളിൽ നിന്നും വന്നിട്ടുള്ളവരുടെ വിവരങ്ങൾ ശേഖരിച്ച് അധികാരികളെ അറിയിക്കുന്നു.ക്വാറൻറ്റൈനിലുള്ളവരെ ഫോണിലൂടെ ബന്ധപ്പെട്ട് അവർക്കാവശ്യമായ ഭക്ഷണം,മരുന്നുകൾ മറ്റ് ആവശ്യസാധനങ്ങൾ മുതലായവ എത്തിച്ച് നൽകുന്നുണ്ട്.

കൃഷി ആഫീസിന്റെ നിർദേശപ്രകാരം പച്ചക്കറി വിത്തുകൾ കുടുംബശ്രീ അംഗങ്ങൾക്ക് വിതരണം ചെയ്തു.

2018,2019 വർഷങ്ങളിലുണ്ടായ മഹാപ്രളയങ്ങളെ അതിജീവിച്ച നമ്മൾ ഈ മഹാമാരിയേയും അതിജീവിക്കും എന്ന് ആശ്വസിക്കാം.

